**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1002** **10-08-2023 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന് കീഴിൽ ടൂറിസം യാത്രകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന് കീഴിൽ ടൂറിസത്തിന്റെ ഭാഗമായി യാത്രകൾ സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; | (എ) | വനം വകുപ്പിന് കീഴിൽ ടൂറിസത്തിന്റെ ഭാഗമായി നിലവിൽ യാത്രകൾ സംഘടിപ്പിക്കുന്നുണ്ട്.<br><br>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>കൊല്ലം കോന്നി ഇക്കോടൂറിസം കേന്ദ്രത്തിൽ നിന്നും യാത്ര ആരംഭിച്ച് അടവി വഴി ഗവിയിലേക്ക് പോയി തിരികെ വരുന്നു.<br><br>സൈലൻറ് വാലി ദേശീയോദ്യാനം സന്ദർശിക്കുന്നതിന് സൈരന്ധ്രി സഫാരിയും പറമ്പിക്കുളം വന്യജീവി സങ്കേതത്തിലും വയനാട് വന്യജീവി സങ്കേതത്തിനുകീഴിൽ മുത്തങ്ങ റെയിഞ്ചിലും, തോൽപ്പെട്ടി റെയിഞ്ചിലും വെഹിക്കിൾ സഫാരിയും നടത്തി വരുന്നുണ്ട്. കൂടാതെ പീച്ചിയിൽ ചിമ്മിനി എർത്ത് ഡാം മുതൽ വിറക് തോട് വരെ സൈക്കിൾ സഫാരി നടത്തി വരുന്നു. ശെന്തുരുണി ഇക്കോടൂറിസം പദ്ധതിയുടെ ഭാഗമായി തെന്മലയിൽ നിന്നും റോസ് മല വരെ ബസ് സഫാരി നടത്തി വരുന്നു. |
| (ബി) | ഇത്തരം പദ്ധതികൾ നിലവിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | വനം വകുപ്പിന് കീഴിൽ ടൂറിസത്തിന്റെ ഭാഗമായി നിലവിൽ യാത്രകൾ സംഘടിപ്പിക്കുന്നുണ്ട്.<br><br>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>കൊല്ലം കോന്നി ഇക്കോടൂറിസം കേന്ദ്രത്തിൽ നിന്നും യാത്ര ആരംഭിച്ച് അടവി വഴി ഗവിയിലേക്ക് പോയി തിരികെ വരുന്നു.<br><br>സൈലൻറ് വാലി ദേശീയോദ്യാനം സന്ദർശിക്കുന്നതിന് സൈരന്ധ്രി സഫാരിയും പറമ്പിക്കുളം വന്യജീവി സങ്കേതത്തിലും വയനാട് വന്യജീവി സങ്കേതത്തിനുകീഴിൽ മുത്തങ്ങ റെയിഞ്ചിലും, തോൽപ്പെട്ടി റെയിഞ്ചിലും വെഹിക്കിൾ സഫാരിയും നടത്തി വരുന്നുണ്ട്. കൂടാതെ പീച്ചിയിൽ |

| | | | |
|---|---|---|---|
| | | | ചിമ്മിനി എർത്ത് ഡാം മുതൽ വിറക് തോട് വരെ സൈക്കിൾ സഫാരി നടത്തി വരുന്നു. ശെന്തുരുണി ഇക്കോട്ടൂറിസം പദ്ധതിയുടെ ഭാഗമായി തെന്മലയിൽ നിന്നും റോസ് മല വരെ ബസ് സഫാരി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ